# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2162 — 07/03/2017-ൽ മറുപടിക്ക്

### ആന്റിബയോട്ടിക്കുകളുടെ ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് അശാസ്ത്രീയമായുള്ള ആന്റിബയോട്ടിക്കുകളുടെ ഉപയോഗം മൂലമുണ്ടായ ദൂഷ്യവശങ്ങളെക്കുറിച്ച് പഠനം നടത്തുകയുണ്ടായോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടോ ഇല്ലെങ്കിൽ പഠനം നടത്തിയിട്ടുള്ള ഏതെങ്കിലും സംഘടനയുടെ റിപ്പോർട്ടോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | എ) സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല. രാജ്യത്ത് ആന്റി ബയോട്ടിക്കുകളുടെ അശാസ്ത്രീയവും ഡോക്ടറുടെ മേൽനോട്ട-മില്ലാതെയുമുള്ള ഉപയോഗം കൂടുന്നതായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം ആന്റി ബയോട്ടിക് റെസിസ്റ്റൻസ് എന്ന ഗുരുതരാവസ്ഥ സംജാതമാകുമെന്നും വരും കാലങ്ങളിൽ നിലവിലുള്ള ആന്റി ബയോട്ടിക്കുകൾക്കൊന്നും തന്നെ രോഗങ്ങളെ പ്രതിരോധിക്കുവാൻ കഴിയാതെ വരികയും ജീവന്റെ നിലനിൽപ്പിനുതന്നെ കടുത്ത ഭീഷണി ഉളവാക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ